# INDIAN SCHOOL, AL GHUBRA

## PRACTICE TEST FOR SA – II [2011-12]

## CLASS: X – MALAYALAM 2ND LANGUAGE

## മലയാളം

Time allowed: 3 hrs | M.Marks: 80

*അനുവദിച്ച സമയം: 3 മണിക്കൂർ* | *ആകെ മാർക്ക്: 80*

*General Instructions:*

- Please check that this question paper contains 4 printed pages.
- Please check that this question paper contains 6 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

| | | |
|---|---|---|
| Section | A: Reading Comprehension | – 8 marks |
| Section | B: Writing | – 14 marks |
| Section | C: Grammar | – 18 marks |
| Section | D: Literature | – 40 marks |

### SECTION-A/ എ. വിഭാഗം (8 Marks)

I. ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

രൂപമാധുരികൊണ്ടു മാത്രമായില്ല, കലയ്ക്ക് ജീവൻ നൽകാൻ വികാരം വേണം. കലാരൂപം കൈക്കൊള്ളുന്ന ഏതു ഭാവവും സാംക്രമികമാവും. നന്മയ്ക്കും തിന്മയ്ക്കും ഹേതുവായി വ്യാപരിക്കുകയും ചെയ്യും. ആവിഷ്കരിക്കുന്ന ഭാവം സർവ്വഹൃദയസ്പർശിയും സർവ്വശ്രേഷ്ഠവുമാണെന്ന് ടോൾസ്റ്റോയി നിർദ്ദേശിക്കുന്നു. ഏതു ഭാവമാണ് അങ്ങനെ ശ്രേഷ്ഠവും ഹൃദയസ്പർശിയുമാകുന്നത്? മനുഷ്യനും ലോകവും തമ്മിലുള്ള അടിസ്ഥാനപരമായ ബന്ധമത്രെ മൗലികവും സാർവലൗകികവുമായ ഭാവം. ലോകമെന്ന പദത്തിൽ മനുഷ്യനും പ്രകൃതിയും ഈ പ്രപഞ്ചം തന്നെയും ഉൾപ്പെടുന്നു. ഒരു പക്ഷേ ആധുനികരിൽ പലർക്കും രുചിക്കാത്ത ഒരു പദമാവാം ഈശ്വരൻ എന്ന വാക്ക്. എങ്കിലും ടോൾസ്റ്റോയി പറയുന്നു. മനുഷ്യനും ഈശ്വരനും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം തന്നെ മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധമാണെന്ന്. ഈ ബന്ധത്തെക്കുറിച്ചുള്ള ബോധമാണ് ജീവിതാവബോധം. ഇത് വിശാലമായ അർത്ഥത്തിൽ മതപരമായ ദർശനം തന്നെ. കലയിൽ ആവിഷ്കരിച്ച ഭാവം ശ്രേഷ്ഠമാകുന്നത് അത് തത്ത്വപരമായ ദർശനത്തിൽ നിന്ന് അല്ലെങ്കിൽ ജീവിതാവബോധത്തിൽ നിന്ന് ഉയിർകൊള്ളുമ്പോഴാണ്.

(1) ജീവിതാവബോധം എന്നാൽ എന്ത്? 2

(2) കലയിൽ ആവിഷ്കരിക്കുന്ന ഭാവം ശ്രേഷ്ഠമാകുന്നതെപ്പോഴാണ്? 2

(3) ലോകമെന്ന പദത്തിൽ എന്തെല്ലാം ഉൾപ്പെടുന്നു? 2

(4) ആധുനികരിൽ പലർക്കും രുചിക്കാത്ത പദമേത്? 2

(P.T.O)

## SECTION-B/ ബി. വിഭാഗം (14 Marks)

II. (1) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

(1) വിവരസാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

(2) പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം

(3) അന്തരീക്ഷമലിനീകരണം

(2) നിങ്ങളുടെ പരിസരപ്രദേശത്തുള്ള കുടിവെള്ളക്ഷാമത്തെക്കുറിച്ച് പ്രതികരിച്ചുകൊണ്ട് നിങ്ങൾ സ്ഥിരമായി വായിയ്ക്കുന്ന ഏതെങ്കിലും പത്രത്തിന്റെ പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക 7

## SECTION-C/ സി. വിഭാഗം (18 Marks)

III. (a) (1) പ്രയോഗം മാറ്റുക 1

ഗാന്ധിജി തന്റെ പഴയ അഭിപ്രായങ്ങൾ തേച്ചുമിനുക്കി നന്നാക്കിയെടുത്തിരുന്നു.

(2) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 1

എന്നാലും ഇന്ന് കണ്ണിയറ്റ ചിന്തകളിൽ അതും സ്ഥലം പിടിക്കുന്നു.

(3) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1

ഭൂമിയിൽ വേലയെപ്പറ്റി ഉച്ചരിച്ച മനുഷ്യരുടെ വാക്കുകളിൽ ഏറ്റവും മഹനീയമായവ ഗാന്ധിജിയാണു പറഞ്ഞത്.

(4) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

അകാലവാർദ്ധക്യവും അകാലചരമമരണവും താൻ ജോലിചെയ്യുന്ന വകുപ്പിന്റെ കനിവും പാരിതോഷികസമ്മാനങ്ങളുമാണ്.

(b) a. പര്യായപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

1. മഞ്ഞ്

(മാരി, തുഷാരം, വർഷം, ഹിമം)

2. ദയ

(കൃപ, ഇച്ഛ, ചരണം, അനുകമ്പ)

b. നാനാർത്ഥപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

1. മാനം

(ആകാശം, അഭിമാനം, ധാന്യം, പക)

2. രൂപം

(വിരൂപം, ആകൃതി, നിറം, അടയാളം)

c. വിപരീതപദം എഴുതുക (2 x 1 = 2)

1. ഗൗരവം

(സഗൗരവം, ലാഘവം, ഗുരുത്വം, രവം)

2. സുഗന്ധം

(ഗന്ധം, സഗന്ധം, ദുർഗന്ധം, വാസന)

d. പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക (2 x 1 = 2)

1. ദന്തം–ദന്തി

(തീറ്റ, പല്ല്, ആശ്രയം, ആന) (P.T.O)

2. യജ്ഞം–യത്നം
(ശ്രമം, വണ്ട്, യാഗം, കറക്കം)

e. എതിർലിംഗം എഴുതുക (2 x 1 = 2)

1. കവി
(കവിയത്രി, കവയിത്രി, കവയത്രി, കാഥിക)

2. നേതാവ്
(നേത്രി, നേത്രിണി, നേതി, നേതാവിണി)

f. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 x 1 = 2)

1. മിഥ്യയല്ല
2. നേത്രാഭിരാമം

g. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 x 1 = 2)

1. പ്രാകൃതഭൂമി
2. ഏഴെട്ട്

## SECTION-D/ ഡി. വിഭാഗം (40 Marks)

IV. (1) ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (8 x ½ = 4)

1. "ഇതിലുണ്ടേറെ കദ്രുപുത്രന്മാരുറങ്ങുന്നു..." ഇവിടെ കദ്രുപുത്രന്മാർ എന്ന വാക്കുകൊണ്ട് കവി എന്താണ് അർത്ഥമാക്കുന്നത്?
(നഗരത്തിലെ ജനങ്ങൾ, ക്ഷുദ്രജീവികൾ, സ്നേഹിതർ, ഫയലുകൾ)

2. 'മഹാത്മാവിൻെറ മാർഗം' എന്ന കൃതിയുടെ കർത്താവാര്?
(സി.വി. ശ്രീരാമൻ, സുകുമാർ അഴീക്കോട്, വി.കെ.ശ്രീരാമൻ, എം.എൻ.വിജയൻ)

3. "തനിക്ക് ഹരിശ്ചന്ദ്രനാവാനാണെങ്കിൽ ഈ വകുപ്പിൽ ചേരേണ്ടിയിരുന്നില്ല" ഇതാരുടെ വാക്കുകളാണ്?
(സഹപ്രവർത്തകൻ, മേലുദ്യോഗസ്ഥൻ, കോൺട്രാക്ടർ, കാവൽക്കാരൻ)

4. 'കാളവണ്ടിയുടെ പ്രവാചകൻ' എന്നു വിശേഷിപ്പിച്ചത് ആരെ?
(സുകുമാർ അഴീക്കോടിനെ, മഹാത്മാഗാന്ധിയെ, മിഡിൽട്ടൺ മറിയെ, ജി. ഡി.എച്ച്. കോളിനെ)

5. 'തുമ്പപ്പൂവ്' എന്ന കവിത രചിച്ചത്
(വള്ളത്തോൾ, എൻ.എൻ. കക്കാട്, ഉള്ളൂർ, കുമാരനാശാൻ)

6. 'കഥാനായകൻെറ വകുപ്പിൽ ദാരിദ്ര്യം കൂടാതെ ലഭിക്കുന്ന ഒന്നുണ്ട്.' ഏത്? (കൈക്കൂലി, ജലം, മദ്യം, സ്നേഹം)

7. കവി നഗരപാതാളത്തിൽ നിന്നു മോഷ്ടിച്ചുകൊണ്ടുവന്നത് എന്താണ്?
(ഒരു രാത്രി, തറവാട്, കൈതപ്പൂവിൻ ഗന്ധം, കുഞ്ഞിൻെറ ചിരി)

8. 'അല്ലേ ഗൃഹസ്ഥാ' – ആരാണു ഗൃഹസ്ഥൻ?
(യേശുദേവൻ, ശിഷ്യൻ, മറിയം, ശീമോൻ)

V. ഉത്തരമെഴുതുക

(1) a. "മുസ്സാവരി ബംഗ്ലാവിൻെറ മുറ്റത്തേക്ക് ഒരു കാർ കയറിവന്നു. തണൽ തേടി കാറ് തൈമാവിൻെറ ചുവട്ടിലേക്കു നീങ്ങി. കാറിൻെറ കേരിയറിൽ തട്ടി കണ്ണിമാങ്ങകൾ ഉതിർന്നു. (P.T.O)

അന്വേഷണ ഉദ്യോഗസ്ഥൻ കാറിൽ നിന്നും ഇറങ്ങി മുസ്സാവരി ബംഗ്ലാവിന്റെ ഉമ്മറത്തേക്ക് സൂക്ഷ്മതയോടെ നോക്കി." 'പണ്ട് നോട്ടുകൾ എണ്ണുമ്പോൾ കാണിച്ച അതേ സൂക്ഷ്മത' – ഈ വിവരണം കഥയുടെ അർത്ഥവ്യാപ്തിക്ക് ആക്കം കൂട്ടുന്നത് എങ്ങനെ? 3

b. "ഏതടിമത്തവും ചീത്തയാണ്. വേലക്കാരൻ യജമാനനാണെന്ന് സാക്ഷാൽ യജമാനനു തെറ്റിദ്ധാരണയുണ്ടാകുമ്പോഴാണ് ഏറ്റവും നിന്ദ്യമായ ഈ അടിമത്തം ഉയിരെടുക്കുന്നത്." ലേഖകൻ നടത്തുന്ന ഈ പരാമർശം തലക്കെട്ടിന്റെ വ്യാഖ്യാനം തന്നെയല്ലേ? 'വേലക്കാരനോ യജമാനനോ?' എന്ന തലക്കെട്ട് ലേഖനത്തിന് എത്രമാത്രം അനുയോജ്യമാണ്? 3

c. "സർക്കാർ സ്ഥാപനങ്ങളിൽ ആളുകൾക്കല്ല പങ്ക തിരിയുന്നത്, കസേരയ്ക്കാണല്ലോ." – 'കല്ലെറിയുന്നവർ' എന്ന കഥയിൽ ഇങ്ങനെ പറഞ്ഞിട്ടുള്ളതിന്റെ ഔചിത്യമെന്ത്? 3

d "കുരിശിലേറ്റിയതിനുശേഷം ഉയിർത്തെഴുന്നേൽക്കുന്നവരാണല്ലോ പ്രവാചകന്മാർ." സന്ദർഭത്തിലെ ആശയം വെളിവാക്കാൻ ഇത്തരം വാക്യങ്ങൾ പര്യാപ്തമാണോ? 3

(2) a. നഗരത്തെ വിശേഷിപ്പിക്കാൻ കവി ഉപയോഗിച്ച പദങ്ങൾ ശ്രദ്ധിക്കുക. –ഇരമ്പും പകൽച്ചൂടും പൊടിയും ദാഹങ്ങളും ഇരവേട്ടയും ക്രൗര്യങ്ങളും. ഗ്രാമത്തെ ചിത്രീകരിക്കാൻ കവി ഉപയോഗിക്കുന്ന പദങ്ങൾ എന്തൊക്കെ? കവിതയിൽ ഭാവതലം രൂപപ്പെടുത്തുന്നതിന് ഇത്തരം തിരഞ്ഞെടുപ്പ് എത്രമാത്രം അനുയോജ്യമാണ്? 3

b. ദീപങ്ങളുടെ ദീപ്തിയെ ദൂരത്താക്കുന്നതാണ് വിരുന്നുകാരന്റെ ശോഭ എന്നു വർണിച്ചിരിക്കുന്നതിന്റെ പൊരുൾ എന്താണ്? 3

c. "ജാതിച്ചുവട്ടിൽജ്ജലസേകമേകും ജനങ്ങളിപ്പൂച്ചെടി കൈയനക്കി വളർത്തിടുന്നില്ലതു പോട്ടെ; ദൂരെ വലിച്ചുമാറ്റുന്നതുമുണ്ടു! കഷ്ടം!" 'ജാതിച്ചുവട്ടിൽ ജലസേകമേകുക' എന്ന പ്രയോഗത്തിൽ എന്തെല്ലാം അർത്ഥങ്ങളാണു കണ്ടെത്താൻ കഴിയുന്നത്? 3

d. കടന്നേൻ, കൊണ്ടിങ്ങുപോന്നേൻ തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധിച്ചല്ലോ. എഴുത്തച്ഛന്റെയും ചെറുശ്ശേരിയുടെയും കവിതകളിലും ഇത്തരം പ്രയോഗങ്ങൾ കാണാം. ഈ പ്രയോഗങ്ങളുടെ പ്രത്യേകതകൾ എന്താണ്? ചർച്ച ചെയ്യുക. 3

VI. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 2 X 6 = 12

1. മുത്താമയുമൊത്തുള്ള അപ്പുവിന്റെ പഠനകാലം വിവരിക്കുക
2. ലോകാരോഗ്യസംഘടനയുടെ ആഭിമുഖ്യത്തിൽ ഒരുകൂട്ടം ശാസ്ത്രജ്ഞർ അപ്പുവിനെക്കാണാൻ എത്തിയപ്പോൾ അവർക്കുമുന്നിൽ അപ്പു കാണിച്ച അദ്ഭുതമെന്തായിരുന്നു?
3. അപ്പു ഹരിപ്രിയയുടെ ജീവൻ രക്ഷിക്കാനിടയായ കാര്യങ്ങൾ വിശദീകരിക്കുക.

*Prepared by:* Dr. Jitheesh, HOD, Malayalam, Indian School, Al Ghubra. Sultanate of Oman. Ph.0968 95079490, e mail: jitheesh2003@yahoo.co.in